## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3152** **24-02-2016-ൽ മറുപടിയ്ക്ക്**

### കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ്

| | ചോദ്യം<br><br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. പി. തിലോത്തമൻ | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ എത്ര ശാഖകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എല്ലാ ശാഖകളിലും കൂടി എത്ര വരിക്കാരുണ്ട്; പ്രതിവർഷം മൊത്തം എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ 543 ശാഖകളാണ് (31/01/2016 ലെ കണക്ക് പ്രകാരം) പ്രവർത്തിക്കുന്നത്. അതു പ്രകാരം കെ.എസ്. എഫ്. ഇ യ്ക്ക് 1414.54 കോടി രൂപ ചിട്ടി സലയും, 1697640 വരിക്കാരും ഉണ്ട്. 31/01/2016 പ്രകാരമുള്ള ബിസിനസ്സ് ടേൺ ഓവർ 28541 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം (31/01/2016 വരെ) ചെയ്ത ചിട്ടി ബിസിനസ്സ് 340.75 കോടി രൂപയാണ്. |
| (ബി) | കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ, ഉപകരണങ്ങൾ വാങ്ങൽ, കോർ ബാങ്കിംങ്ങിനും മറ്റുമുള്ള കരാറുകൾ എന്നിവയ്ക്കുമായി മൊത്തം എത്ര കോടി രൂപ ചെലവായി ; ഓരോന്നിനും എത്ര വീതം; | (ബി) | 2011-12 മുതൽ 2014-15 വരെ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ എന്നിവക്കായി 26,79,53,886/- (ഇരുപത്തിആറ്കോടി എഴുപത്തൊമ്പത് ലക്ഷത്തി അൻപത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്താറ്) രൂപ ചെലവായിട്ടുണ്ട്<br>2011-12 മുതൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു ഇതുവരെയായി 23,24,76,492/- (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപ ചെലവായിട്ടുണ്ട്<br>കോർ ബാങ്കിംങ്ങിനുള്ള കരാറിനത്തിൽ 'Nest' എന്ന കമ്പനിക്ക് ഇതുവരെയും 1,99,68,393/- (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) രൂപ ചെലവായിട്ടുണ്ട്.<br>മേൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്കായി ആകെ 52,03,98,771/- (അൻപത്തിരണ്ട് കോടി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി എഴുന്നൂറ്റി എഴുപത്തിയൊന്ന് രൂപ) ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കമ്പനി നിയമപ്രകാരം നിയമപരമായി പൂർത്തീകരിക്കേണ്ട ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | സമ്മാന പദ്ധതിയിൽ സമ്മാനങ്ങൾ വാങ്ങിയതിലും മറ്റുമായി വൻ അഴിമതികൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം അഴിമതികൾ കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഡി) | സമ്മാന പദ്ധതിയെപ്പറ്റി ഒരു തരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽപെട്ടിട്ടില്ല. |

Jeyanth

സെക്ഷൻ ഓഫീസർ.